പതിമൂന്നാം കേരള നിയമസഭ
ആറാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3515 | | 21/12/2012-ൽ മറുപടിയ്ക്ക് |
|---|---|---|
| **അംഗൻവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്ന പദ്ധതി** | | |
| ചോദ്യം | | ഉത്തരം |
| ശ്രീ.പി.തിലോത്തമൻ | | ഡോ.എം.കെ.മുനീർ (പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) |
| (എ) | കേരളത്തിലെ അംഗൻവാടികളുടെ നവീകരണത്തിന് കേന്ദ്രസർക്കാരുമായി ചേർന്നുള്ള എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കുന്നത്; | (എ) അംഗൻവാടികൾ തദ്ദേശസ്വയംഭരണ വകുപ്പിന് കൈമാറ്റം ചെയ്യപ്പെട്ടവയാ-യതിനാൽ ഭൗതിക സാഹചര്യങ്ങൾ ഒരുക്കി നൽകേണ്ടത് ബന്ധപ്പെട്ട തദ്ദേശസ്വയം-ഭരണസ്ഥാപനങ്ങളാണ്. എന്നാൽ സംസ്ഥാനത്ത് സ്വന്തമായി കെട്ടിടമില്ലാത്ത 700 അംഗൻവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിന്/നവീകരിക്കുന്നതിന് നബാർഡ് ആർ.ഐ.ഡി.എഫ് സ്കീമിൽ ഉൾപ്പെടുത്തി ധനസഹായത്തിന് സർക്കാർതലത്തിൽ നൽകിയ പ്രൊപ്പോസലിന് SLEC അംഗീകാരം നൽകിയിട്ടുണ്ട്. ധനസഹായം ലഭ്യമാക്കുന്നതിനുള്ള തുടർനടപടികളെടുത്തുവരുന്നു. |
| (ബി) | സംസ്ഥാനത്ത് കെട്ടിടമില്ലാത്ത അംഗൻവാടികളുടെ ലിസ്റ്റ് നിയോജകമണ്ഡലം തിരിച്ച് ആവശ്യപ്പെട്ടിരുന്നിട്ടും അതിന്റെ തുടർ പ്രവർത്തനങ്ങൾ നടക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ; | (ബി) & (സി) 700 അംഗൻവാടികളുടെ നിർമ്മാണത്തിന് / നവീകരണത്തിന് ആണ് SLEC യുടെ പ്രാഥമിക അംഗീകാരം ഈ സാമ്പത്തിക വർഷം ലഭിച്ചിരിക്കുന്നത്. ഇതിൻപ്രകാരമാണ് നിർദ്ദിഷ്ട എണ്ണം/പേരുകൾ നിർദ്ദേശിക്കുവാൻ ആവശ്യപ്പെട്ടിരുന്നത്. ഇതുപ്രകാരം നിർദ്ദേശിക്കപ്പെട്ട അംഗൻവാടികളുടെ സ്ഥലത്തിന്റെ ഉടമസ്ഥത തെളിയിക്കുന്ന സാക്ഷ്യപത്രം, പഞ്ചായത്ത് തീരുമാനം, പ്ളാനും എസ്റ്റിമേറ്റും, ജില്ലാതല പ്രോഗ്രാം ഓഫീസർ മുഖേന ആവശ്യപ്പെട്ടിട്ടുള്ളത് ലഭിച്ചാലുടൻ ആയത് പ്രകാരം വിശദമായ പ്രൊജക്ട് റിപ്പോർട്ട് നബാർഡിനു നൽകി അന്തിമ അനുമതി ലഭിക്കുന്ന മുറക്കേ പ്രവൃത്തി ആരംഭിക്കാൻ കഴിയുകയുള്ളൂ. |
| (സി) | സ്വന്തമായി കെട്ടിടമില്ലാത്ത നിരവധി അംഗൻവാടികൾ ഉണ്ടെന്നിരിക്കെ ഒരു നിയോജകമണ്ഡലത്തിൽ കെട്ടിടമില്ലാത്തതും അഞ്ച് സെന്റിലധികം സ്ഥലം സ്വന്തമായി ഉള്ളതുമായ അംഗൻവാടികളിൽ ഏഴെണ്ണത്തിന്റെ പേരുകളാണ് നിർദ്ദേശിക്കുവാൻ ആവശ്യപ്പെട്ടിരുന്നതെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | |

| | | |
|---|---|---|
| (ഡി) | സ്വന്തമായി അഞ്ചുസെന്റും അതിൽ കൂടുതലും ഭൂമിയുള്ള അംഗൻവാടികൾ കുറവാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതു പരിഹരിക്കുവാൻ സ്വന്തമായി കെട്ടിടമില്ലാത്ത എല്ലാ അംഗൻവാടികൾക്കും ലഭ്യമായ സ്ഥലത്തിന്റെ അടിസ്ഥാനത്തിൽ ഉചിതമായ പ്ളാനുകൾ തയ്യാറാക്കി അംഗൻവാടി കെട്ടിടങ്ങൾ നിർമ്മിക്കുവാൻ നടപടി സ്വീകരിക്കുമോ; | (ഡി) ഉണ്ട്. ഇത്തരത്തിലുള്ള സ്വന്തമായി സ്ഥലമുള്ളതും കെട്ടിടമില്ലാത്തതുമായ അംഗൻവാടികളുടെ നിർമ്മാണം, നവീകരണം എന്നിവ ഫണ്ടിന്റെ ലഭ്യതക്കനുസരിച്ച് പരിഗണിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ